ഉത്തരം

പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരെ സംബന്ധിച്ചും അവരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ചും സർക്കാർതലത്തിൽ നിലവിൽ തീരുമാനങ്ങൾ ഒന്നും കൈക്കൊണ്ടിട്ടില്ല.

## ബ്രാഞ്ച് മാനേജർ തസ്തികയിലെ ഒഴിവുകൾ

**53 (5858)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ 2010-11, 2011-12, 2012-13, 2013-14 കാലയളവിലെ വാർഷിക പൊതുയോഗ റിപ്പോർട്ടുകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ വിരമിച്ചവർ, മരണപ്പെട്ടവർ, സ്ഥാനക്കയറ്റം നൽകിയ പ്രകാരമുള്ളവർ, പുതിയ ബ്രാഞ്ചുകളിലുള്ളവർ എന്നീ വിഭാഗത്തിൽപ്പെട്ട എത്ര ഒഴിവുകൾ ഉണ്ട് എന്ന് വെളിപ്പെടുത്തിയിരുന്നു ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തിയിട്ടുണ്ടെങ്കിൽ എപ്രകാരമാണ് അത് നികത്തിയതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽനിന്നും വിരമിച്ചിട്ടുള്ളതും മരണപ്പെട്ടതുമായ ജീവനക്കാരുടെ വിവരങ്ങൾ വാർഷിക റിപ്പോർട്ടുകളിൽ പ്രസിദ്ധീകരിക്കാറുണ്ട്. 2010-11, 2011-12 കാലയളവിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽനിന്നും ആരും വിരമിക്കുകയോ മരണപ്പെടുകയോ ചെയ്തിട്ടില്ല. ടി തസ്തികയിൽ 2012-13 വർഷത്തിൽ 3 പേരും 2013-14-ൽ 2 പേരും വിരമിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലാ സഹകരണ ബാങ്കിന് ഏറ്റവും പുതിയ ക്ലാസിഫിക്കേഷൻ ഉത്തരവ് പ്രകാരം 57 ബ്രാഞ്ച് മാനേജർ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 25 ശതമാനമാണ് നേരിട്ട് നിയമനം നടത്തുന്നത്. ടി 57 എണ്ണത്തിന്റെ 25 ശതമാനമായ 14 ഒഴിവുകൾ 2008-ലും 2009-ലുമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 30-12-2011-ലും 18-7-2013-ലും ഉദ്യോഗക്കയറ്റം നൽകിയതുവഴിയും വിരമിക്കൽവഴിയും വന്ന ഒഴിവുകളിൽ 31 പേർക്ക് നിബന്ധനകൾക്ക് വിധേയമായി ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly